# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെഎസ്.ഡി 5/737/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 09/11/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഇ-മെയിൽ വഴി)
2)ജോയന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ-കെഎസ്.ഡി 5/737/2023 തീയ്യതി: 09/11/2023

## കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അഗസ്റ്റ്യൻ ഒ കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-09-2023 | 11-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-09-2023 | 11-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ജയാനന്ദ എച്ച്, ഓഡിറ്റ് ഓഫീസർ
ശ്രീ. രഘുനാഥൻ കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ജനാർദ്ദനൻ സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സുധീഷ് എൻ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഹരി വേണുഗോപാലൻ കെ വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷമീന ടീച്ചർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി രമാദേവി എസ് | സെക്രട്ടറി | 01-04-2022 | 03-04-2022 |
| ശ്രീ. സുന്ദര കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-04-2022 | 29-04-2022 |
| ശ്രീമതി രമാദേവി എസ് | സെക്രട്ടറി | 30-04-2022 | 01-05-2022 |
| ശ്രീമതി സീമ കുഞ്ഞാൽ | സെക്രട്ടറി | 02-05-2022 | 19-07-2022 |
| ശ്രീമതി ശീതള കെ | സെക്രട്ടറി | 20-07-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അജയൻ എസ് | ക്ഷീര വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. സത്യൻ വി എസ് | അസിസ്റ്റന്റ് ഡയറക്ടർ കൃഷി | 01-04-2022 | 05-05-2022 |
| ശ്രീമതി ആർജിത പി വി | അസിസ്റ്റന്റ് ഡയറക്ടർ കൃഷി | 06-05-2022 | 31-03-2023 |
| ശ്രീമതി ജ്യോതി പി | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. ഗിരീഷ് ആർ കെ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. തിരുമലേഷ പി.കെ | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. രാധിക സോമൻ | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി മഞ്ചേശ്വരം | 01-04-2022 | 31-05-2022 |
| ഡോ. ഐശ്വര്യ കെ | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി മഞ്ചേശ്വരം | 01-06-2022 | 31-03-2023 |
| ഡോ. ഷാന്റി | സൂപ്രണ്ട്/ മെഡിക്കൽ ഓഫീസർ, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, മംഗൽപാടി | 01-04-2022 | 31-03-2023 |
| ശ്രീ. ലെനിൽ ഇ ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 29-07-2022 |

| | | | |
|---|---|---|---|
| ശ്രീ. സൽമാൻ ജെ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 30-07-2022 | 31-03-2023 |
| ശ്രീ. അരുൺ എസ് | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2022 | 26-09-2023 |
| ശ്രീമതി സുനിത കെ വി | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 27-09-2022 | 06-01-2023 |
| ശ്രീ. അരുൺ എസ് | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 07-01-2023 | 31-03-2023 |
| ശ്രീ. അമർനാഥ് എച്ച് വി | വ്യവസായ വികസന ഓഫീസർ | 01-04-2022 | 14-07-2022 |
| ശ്രീ. ഉമേഷ എ | വ്യവസായ വികസന ഓഫീസർ | 15-07-2022 | 24-07-2022 |
| ശ്രീ. അമർനാഥ് എച്ച് വി | വ്യവസായ വികസന ഓഫീസർ | 25-07-2022 | 26-08-2022 |
| ശ്രീ. ഉമേഷ എ | വ്യവസായ വികസന ഓഫീസർ | 27-08-2022 | 15-01-2023 |
| ശ്രീ. സൂരജ് പി എൻ | വ്യവസായ വികസന ഓഫീസർ | 16-01-2023 | 24-01-2023 |
| ശ്രീ. ഉമേഷ എ | വ്യവസായ വികസന ഓഫീസർ | 25-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ഓഡിറ്റ് സര്‍ട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങള്‍ പ്രകാരമുള്ള എല്ലാ പത്രികകളും ഉള്‍പ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ഡെപ്പോസിറ്റ് രജിസ്റ്റര്‍, അഡ്വാന്‍സ് രജിസ്റ്റര്‍ എന്നിവ കാലികമാക്കിയിട്ടില്ല. | 1-1-3 |
| 5 | Excess Of Income Over Expenditure- ബാലന്‍സ് ഷീറ്റിലേക്ക് ക്യാരി ഓവര്‍ ചെയ്തതില്‍ പിശക് | 1-1-4 |
| 6 | ഡെപ്പോസിറ്റ് വര്‍ക്കിന് നല്‍കിയ തുകയും ബി-18 ല്‍ രേഖപ്പെടുത്തിയ തുകയും തമ്മില്‍ വ്യത്യാസം. | 1-1-5 |
| 7 | ആസ്തികളുടെ വര്‍ഗ്ഗീകരണവും മൂല്യനിര്‍ണ്ണയവും നടത്തിയിട്ടില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്യാഷ് ബാലന്‍സ് പരിശോധന | 1-7 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 15 | വാടക രജിസ്റ്റര്‍ എഴുതി പൂര്‍ത്തീകരിച്ചിട്ടില്ല | 1-9 |
| 16 | ക്ഷീരകര്‍ഷകര്‍ക്ക് പാലിന് ഇന്‍സെന്റീവ് | 1-10 |
| 17 | സ്റ്റോക്ക് രജിസ്റ്റര്‍ ഹാജരാക്കിയില്ല | 1-11 |
| 18 | നെല്‍കൃഷിക്ക് കൂലി ചെലവ്-ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-12 |
| 19 | ഞങ്ങളും കൃഷിയിലേക്ക് അങ്കണവാടി-പോഷകവാടി ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-13 |
| 20 | പച്ചക്കറി വികസനം-ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-14 |
| 21 | കേരള ഭൂജല വകുപ്പില്‍  ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 1-15 |
| 22 | പത്താം തരം/ഹയര്‍ സെക്കന്ററി തുല്യതാ പഠിതാക്കള്‍ക്കുള്ള കോഴ്സ് ഫീസ് പദ്ധതി-അപാകത | 1-16 |
| 23 | വനിതാ ഹോസ്റ്റല്‍ വൈദ്യുതീകരണം പദ്ധതി-പൂര്‍ത്തീകരിച്ചിട്ടില്ല. | 1-17 |
| 24 | ബ്ലോക്ക് ഓഫീസിലേക്ക് ആംപ്ലിഫയര്‍,മൈക്ക്, പ്രൊജക്ടര്‍ വാങ്ങല്‍ | 1-18 |

| | | |
|---|---|---|
| | പദ്ധതി-പൂർത്തീകരിച്ചിട്ടില്ല | |
| 25 | ജില്ലാ ആസൂത്രണ സമിതി കെട്ടിടനിർമ്മാണം ബ്ലോക്ക് വിഹിതം നൽകൽ പദ്ധതി | 1-19 |
| 26 | മംഗൽപാടി താലൂക്ക് ആശുപത്രിയിലേക്ക് ജനറേറ്റർ വാങ്ങൽ പദ്ധതി - അപാകത | 1-20 |
| 27 | സി.എച്ച്.സി മഞ്ചേശ്വരം - സെക്കന്ററി പാലിയേറ്റിവ് കെയർ പദ്ധതി - മരുന്ന് വാങ്ങിയതിന് ഒരേ ഇൻവോയ്സ് വച്ച് 2 തവണ തുക ൽകി. | 1-21 |
| 28 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി മംഗൽപാടി - സെക്കന്ററി പാലിയേറ്റിവ് കെയർ പദ്ധതി -ടി.എസ്.പി - മരുന്ന് വാങ്ങിയതിന് ഒരേ ഇൻവോയ്സ് വച്ച് 2 തവണ തുക നൽകി. | 1-22 |
| 29 | CDPO നിർവ്വഹണം നടത്തിയ പദ്ധതികൾ – വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-23 |
| 30 | വനിതാ ഹെൽത്ത് ക്ലബിന് ഉപകരണങ്ങൾ വാങ്ങൽ - ലഭ്യമാക്കാത്ത ഉപകരണങ്ങൾക്കും തുക നൽകി | 1-24 |
| 31 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം - ഭരണസമിതി അംഗീകരിച്ച ലിസ്റ്റിൽ ഇല്ലാത്ത വ്യക്തികൾക്കും ധനസഹായം നൽകി. | 1-25 |
| 32 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം - ധനസഹായം നൽകിയിട്ട് ഒരു വർഷം കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-26 |
| 33 | ക്രമീകരിക്കുവാൻ അവശേഷിക്കുന്ന ബാധ്യതാ തുകകൾ | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം പഞ്ചായത്തിന്റെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 22.07.2023 ലെ 4(1) നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 04.09.2023-ാം തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്തി രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്
09.11.2023

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

A) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (ഇ) പ്രകാരം പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ, തുടങ്ങിയവ ഉൾപ്പെടുന്ന അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ തയ്യാറാക്കി ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

B) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

C) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (3) പ്രകാരം സാമ്പത്തിക പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യപത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ Net Cash Generated By Operating + Investing + Financing Activities ആയി രേഖപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

### 1-1-3 ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല.

31.03.2023 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B7പ്രകാരം വിവിധ ഹെഡുകളിലായി 910118 രൂപയുടെ ഡെപ്പോസിറ്റുകളും ഷെഡ്യൂൾ B18 പ്രകാരം 2176705 രൂപയുടെ അഡ്വാൻസുകളും നിലവിലുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ലാത്തിതനാൽ ഈ രജിസ്റ്ററുകൾ ഓഡിറ്റിനായി അവലംബിക്കാൻ സാധിച്ചിട്ടില്ലാത്തതും, മേൽ തുകകളുടെ ആധികാരികത ഓഡിറ്റിൽ തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ലാത്തതുമാണ്.

### 1-1-4 Excess Of Income Over Expenditure- ബാലൻസ് ഷീറ്റിലേക്ക് ക്യാരി ഓവർ ചെയ്തതിൽ പിശക്

2022-23 ലെ ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് പ്രകാരം Excess Of Income Over Expenditure 50,31,474 രൂപയാണ്. എന്നാൽ 31.03.2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്ത് ജനറൽ ഫണ്ടിലേക്ക് ക്യാരി ഓവർ ചെയ്ത തുക 26,13,440 രൂപയാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

### 1-1-5 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയും ബി-18 ൽ രേഖപ്പെടുത്തിയ തുകയും തമ്മിൽ

വ്യത്യാസം.

ഭൂജല വകുപ്പിന് ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക 3,91,600/- രൂപയാണ്. എന്നാൽ ബി-18 പ്രകാരം 1,14,430/- രൂപ എന്നാണ് രേഖപ്പെടുത്തിയത്.

### 1-1-6 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി ഉടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 1/1, 30.03.2022 | 1/1, 20.03.2023 |
| മുന്നിരിപ്പ് | 70,68,917 | 82,96,051 |
| വരവ് | 31,38,13,980 | 31,68,10,500 |
| ആകെ | 32,08,82,897 | 32,51,06,551 |
| ചെലവ് | 31,77,13,480 | 31,73,99,897 |
| നീക്കിയിരിപ്പ് | 31,69,417 | 77,06,654 |

ബജറ്റ് തയ്യാറാക്കുന്ന സമയത്ത് മതിയായ പരിശോധനകളും തയ്യാറെടുപ്പും നടത്തുന്നില്ല എന്ന് **മേൽ** കണക്കുകൾ വ്യക്തമാക്കുന്നു. കാരണം 20.3.2023 **ൽ** തൻ**വർ**ഷത്തെ പുതുക്കിയ ബജറ്റ് തയ്യാറാക്കുമ്പോൾ 1.4.2022ലെ മു**ൻ**ബാക്കിയായി എടുത്ത തുക 82,96,051/- രൂപയാണ്. എന്നാ**ൽ** 1.4.2022**ൽ** 4,80,34,998/- രൂപ മു**ൻ**ബാക്കിയുണ്ട് എന്ന് വാ**ർ**ഷിക കണക്കുകൾ വ്യക്തമാക്കുന്നു. പുതുക്കിയ ബജറ്റ് തയ്യാറാക്കിയപ്പോൾ തെറ്റായ മു**ൻ**ബാക്കി എടുത്തത് വിശദീകരിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2022-23 |
|---|---:|
| മുന്നിരിപ്പ് | 4,80,34,998 |
| വരവ് | 10,87,33,971 |
| ആകെ | 15,67,68,969 |
| ചെലവ് | 9,57,95,294 |
| നീക്കിയിരിപ്പ് | 6,09,73,675 |

### 1-4 ഗ്രാന്റ് വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 20 22-23)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 4,08,69,227 | 4,08,69,227 | 38318577 | 2550650 | 93.75 |
| വികസനഫണ്ട് എസ്.സി.പി. | 0 | 11824808 | 11824808 | 9373911 | 2450897 | 79.27 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 8115965 | 8115965 | 6089423 | 2026542 | 75 |
| സംരക്ഷണഗ്രാൻറ് നോൺറോഡ് | 0 | 10620000 | 10620000 | 10337060 | 282940 | 97.33 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് | 0 | 8679854 | 8679854 | 6017367 | 2662487 | 69.32 |
| ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് | 0 | 17507079 | 17507079 | 5952969 | 11554110 | 34 |

കുറിപ്പ്: വികസന ഫണ്ട് (ജനറൽ) വിഭാഗത്തിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ തൻവർഷം ചെലവ് രേഖപ്പെടുത്തിയത് ₹3,83,18,577/- രൂപയാണ്. എന്നാൽ യഥാർത്ഥ ചെലവ് 3,79,49,597/- രൂപയാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 37949597 | 37949597 | 37949597 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9373911 | 9373911 | 9373911 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 6089423 | 6089423 | 6089423 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 10337060 | 10337060 | 10337060 | 0 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് ബാങ്ക് | 984937 | 7268733 | 8253670 | 5138260 | 3115410 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് ട്രഷറി | 0 | 6017367 | 6017367 | 6017367 | 0 |
| ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് ബാങ്ക് | 9840000 | 10192000 | 20032000 | 2080470 | 17951530 |
| ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് ട്രഷറി | 0 | 5952969 | 5952969 | 5952969 | 0 |
| സംയുക്ത പദ്ധതി (ഗ്രാമപഞ്ചായത്ത്) | 18371558 | 1190000 | 19561558 | 1190000 | 18371558 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | 2724952 | 2646000 | 5370952 | 2646000 | 2724952 |
| തൊഴിലുറപ്പ് പദ്ധതി | 131567 | 846239 | 977806 | 472592 | 505214 |

| | | | | | |
|---|---|---|---|---|---|
| IAY | 16,93,184 | 6,92,131 | 23,85,315 | 922 | 23,84,393 |
| ടോട്ടൽ സാനിറ്റേഷൻ(central) | 22,63,593 | 39,178 | 23,02,771 | 35 | 23,02,736 |
| Nimal Puraskar | 5,78,702 | 0 | 5,78,702 | 0 | 5,78,702 |
| Total Sanitation | 11,792 | 0 | 11,792 | 0 | 11,792 |

സംയുക്ത പദ്ധതി ഗ്രാമ പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നീയിനങ്ങളിലെ മുന്നിരിപ്പും നീക്കിയിരിപ്പുമായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് ഉതകുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് ബി 4, ബി-17 ഷെഡ്യൂൾ പ്രകാരമുള്ള തുകയാണ് പട്ടികയിൽ നീക്കിയിരിപ്പായി ചേർത്തിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 152 | 145680357 | 104 | 80151699 | - | 48 | 68.42 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2022-23 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 25 | 38067501 | 21 | 28346474 | 74.46 |
| 2 | ശിശു വികസന പദ്ധതി ഓഫീസർ | 4 | 2911500 | 4 | 2834672 | 97.36 |
| 3 | പട്ടികവർഗ്ഗ വികസന ഓഫീസർ | 2 | 1025000 | 2 | 1025000 | 100 |
| 4 | പട്ടികജാതി വികസന ഓഫീസർ | 5 | 1750000 | 5 | 1660290 | 94.87 |
| 5 | വ്യവസായ വികസന ഓഫീസർ | 1 | 9010000 | 1 | 750000 | 8.32 |
| 6 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 8 | 13712551 | 5 | 3395890 | 24.76 |
| 7 | അസിസ്റ്റന്റ് എഞ്ചിനീയർ | 73 | 44384327 | 36 | 15373090 | 34.64 |
| 8 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി മംഗൽപാടി | 23 | 26383866 | 21 | 18826967 | 71.36 |
| 9 | അസിസ്റ്റന്റ് ഡയറക്ടർ കൃഷി | 6 | 6510172 | 6 | 6278271 | 96.44 |
| 10 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 1925440 | 3 | 1661045 | 82.27 |

| | | | | | |
|---|---|---|---|---|---|
| ആകെ | 150 | 145680357 | 104 | 80151699 | 55.02 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 131567 | 846239 | 977806 | 472592 | 505214 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.09.2023 തീയ്യതിയിൽ 2.12 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഇല്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്.

## 1-9 വാടക രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല

2022-23 വർഷത്തെ വാർഷിക കണക്ക് പ്രകാരം വാടകയിനത്തിൽ 1,52,199/-രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി കാണുന്നു. ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നുമാണ് വാടക പിരിച്ചെടുക്കുന്നത് എന്നതു സംബന്ധിച്ച് വാടക രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. കുടിശ്ശിക തുക പിരിച്ചെടുത്ത് ആയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.06/22-23 തീയതി 08-09-2023ന് മറുപടി നല്കിയിട്ടില്ല.

## 1-10 ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്

2022-23 വർഷത്തെ വാർഷിക പദ്ധതി പ്രകാരം ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പ്രോജക്റ്റ് നം 128/23 ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് എന്ന പ്രോജക്റ്റ് പ്രകാരം താഴെ പറയുന്ന തുക ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം. | തീയതി | ബിൽ തുക |
|---|---|---|---|
| 1. | 1/22-23 | 17-11-22 | 1,06,033 |
| 2. | 2/22-23 | 28-11-22 | 1,72,837 |
| 3. | 3/22-23 | 8-12-22 | 1,30,501 |
| 4. | 4/22-23 | 26-12-22 | 87,145 |
| 5. | 6/22-23 | 19-1-23 | 1,27,163 |
| 6. | 7/22-23 | 23-1-23 | 1,00,863 |

| | | | |
|---|---|---|---|
| 7. | 8/22-23 | 25-1-23 | 69,499 |
| 8. | 9/22-23 | 30-1-23 | 46,467 |
| 9. | 10/22-23 | 2-2-23 | 48,516 |
| 10. | 11/22-23 | 13-2-23 | 40,755 |
| 11. | 12/22-23 | 24-2-23 | 52,596 |
| 12. | 13/22-23 | 24-2-23 | 25,878 |
| 13. | 14/22-23 | 24-2-23 | 64,587 |
| 14. | 15/22-23 | 24-2-23 | 39,870 |
| 15. | 16/22-23 | 24-2-23 | 56,571 |
| 16. | 17/22-23 | 2-3-23 | 53,439 |
| 17. | 18/22-23 | 8-3-23 | 6,822 |
| 18. | 19/22-23 | 10-3-23 | 28,353 |
| 19. | 20/22-23 | 17-3-23 | 26,745 |
| 20. | 21/22-23 | 10-3-23 | 42,249 |
| 21. | 26/22-23 | 31-3-23 | 25,947 |
| 22. | 27/22-23 | 31-3-23 | 27,948 |
| 23. | 23/22-23 | 24-3-23 | 1,64,578 |
| 24. | 24/22-23 | 24-3-23 | 35,422 |
| ആകെ | | | 15,80,784 |

ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകത കണ്ടെത്തുകയുണ്ടായി. തുക ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾക്ക് അലോട്ട് ചെയ്തു, തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നീ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുകയായ 15,80,784 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.(ഓഡിറ്റ് എൻക്വയറി നം.07/22-23 തീയതി 08-9-223

1-11 സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ : ഡയറി എക്സ്റ്റൻഷൻ ഓഫീസർ

പ്രൊജക്ട് : ഡിഇഒ ഓഫീസിലേക്ക് ലാപ്ടോപ്പ് സ്കാനറുള്ള പ്രിന്റർ വാങ്ങൽ (പ്രോജക്ട് നം.133/23)

| ഫണ്ട് | അടങ്കൽ | ചെലവ് | ബിൽ നം./ചെക്ക് തിയ്യതി |
|---|---|---|---|
| വികസന ഫണ്ട്,ജനറൽ | 75,000 | 73381 | 222006630068O1376182/16-03-2023 |
| ആകെ | 75,000 | 73381 | |

ജെം മുഖാന്തിരമാണ് ലാപ്പ് ടോപ്പും പ്രിന്ററും വാങ്ങിയത്.ഈ പദ്ധതി പ്രകാരം കെ എം ടെക്നോളജീസ് കോട്ടയത്തിന്റെ 13.02.2023 തിയ്യതിയിലെ KMR/22-23/2143 നമ്പർ ഇൻവോയിസ് പ്രകാരം പ്രിന്റർ ലഭ്യമാക്കുന്നതിന് അക്കൗണ്ടിലേക്ക് 21381/-രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയുണ്ടായി(അക്കൗണ്ട് നം.067050330066). വിശ്വാസ് കമ്പ്യൂട്ടർ തൃശ്ശൂരിന്റെ 07-03-2023 തീയതിയിലെ 2220 നമ്പർ ഇൻവോയിസ് പ്രകാരം പ്രിന്റർ ലഭ്യമാക്കുന്നതിന് അക്കൗണ്ടിലേക്ക് 52000/-രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ഉണ്ടായി. (അക്കൗണ്ട് നം.31430210001059).

ലാപ്പ് ടോപ്പ്, പ്രിന്റർ എന്നിവ ലഭിച്ചിട്ടുണ്ടോ എന്ന് ഈ വിവരം രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ മനസ്സിലാക്കാനാകുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ

ഹാജരാക്കുന്നതു വരെ ചെലവു തുകയായ 73381 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.(ഓഡിറ്റ് എൻക്വയറി നം.05/22-23 തീയതി 08-09-2023)

1-12 നെൽകൃഷിക്ക് കൂലി ചെലവ്-ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ കൃഷി |
| പ്രോജക്ട് നം. | S00136/23 |
| പ്രോജക്ടിന്റെ പേര് | നെൽകൃഷിക്ക് കൂലി ചെലവ് |
| അടങ്കൽ | 4433150 - വികസന ഫണ്ട് (ജനറൽ ) |
| ചെലവ് തുക | 4433150- വികസന ഫണ്ട് (ജനറൽ ) |

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി ബ്ലോക്ക് പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം കാർഷിക മേഖലയിൽ നടപ്പിലാക്കിയ നെൽകൃഷിക്ക് കൂലി ചെലവ് (പ്രൊജക്ട് നമ്പർ.S00136/23) എന്ന പദ്ധതിക്കായി താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം വികസന ഫണ്ടിൽ (ജനറൽ) നിന്നും 44,33,150/- രൂപ പിൻവലിച്ച് മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നെൽകൃഷി ചെയ്ത കർഷകർക്ക് കൂലിച്ചെലവ് നൽകുന്നതിനായി തുക കൈമാറിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ബിൽ റഫറൻസ് നമ്പർ / തീയ്യതി | തുക | ഗ്രാമ പഞ്ചായത്ത് |
|---|---|---|---|
| 1 | 222006520154011176431 / 13.02.2023 | 25,000 | മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് |
| 2 | 222006520154000945474 / 20.12.2022 | 6,01,000 | മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് |
| 3 | 222006520139010374 92 / 12.01.2023 | 9,00,000 | വോർക്കാടി ഗ്രാമപഞ്ചായത്ത് |
| 4 | 222006520147013898 45 / 17.03.2023 | 2,13,500 | മീഞ്ച ഗ്രാമപഞ്ചായത്ത് |
| 5 | 222006520147013898 20 / 17.03.2023 | 3,63,500 | മീഞ്ച ഗ്രാമപഞ്ചായത്ത് |
| 6 | 222006520147013897 86 / 17.03.2023 | 1,03,000 | മീഞ്ച ഗ്രാമപഞ്ചായത്ത് |
| 7 | 222006520161012251 79 / 22.02.2023 | 8,75,000 | പൈവളികെ ഗ്രാമപഞ്ചായത്ത് |
| 8 | 222002520122012300 94 / 23.02.2023 | 1,12,000 | പുത്തിഗെ ഗ്രാമപഞ്ചായത്ത് |
| 9 | 222002520122011434 51 / 04.02.2023 | 3,68,650 | പുത്തിഗെ ഗ്രാമപഞ്ചായത്ത് |
| 10 | 222002520122010115 38 / 07.01.2023 | 3,71,500 | പുത്തിഗെ ഗ്രാമപഞ്ചായത്ത് |

| | | | |
|---|---|---|---|
| 11 | 22200252012901109110 / 28.01.2023 | 5,00,000 | എന്മകജെ ഗ്രാമപഞ്ചായത്ത് |
| ആകെ | | 44,33,150 | |

മേൽ പട്ടികയിലെ ഗ്രാമപഞ്ചായത്തുകൾ തുക ചെലവഴിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ(പൈവളിഗെ പഞ്ചായത്ത് ഒഴികെ) ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവു തുകയായ 44,33,150/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.(ഓഡിറ്റ് എൻക്വയറി നം.14/22-23 തീയതി 11-09-2023)

## 1-13 ഞങ്ങളും കൃഷിയിലേക്ക് അങ്കണവാടി-പോഷകവാടി ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ കൃഷി |
| പ്രോജക്ട് നം. | SO147/23 |
| പ്രോജക്ടിന്റെ പേര് | ഞങ്ങളും കൃഷിയിലേക്ക് അങ്കണവാടി-പോഷകവാടി |
| അടങ്കൽ | 1,00,000 - വികസന ഫണ്ട് (ജനറൽ ) |
| ചെലവ് തുക | 1,00,000- വികസന ഫണ്ട് (ജനറൽ ) |

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി ബ്ലോക്ക് പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം കാർഷിക മേഖലയിൽ നടപ്പിലാക്കിയ ഞങ്ങളും കൃഷിയിലേക്ക് അങ്കണവാടി-പോഷകവാടി (പ്രൊജക്ട് നമ്പർ.SO147/22). എന്ന പദ്ധതിക്കായി താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം വികസന ഫണ്ടിൽ (ജനറൽ) നിന്നും 1,00,000/- രൂപ പിൻവലിച്ച് മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ബിൽ റഫറൻസ് നമ്പർ / തീയ്യതി | തുക | ഗ്രാമ പഞ്ചായത്ത് |
|---|---|---|---|
| 1 | 22200652015401551564 / 28.03.2023 | 33,000 | മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് |
| 2 | 22200652013901517139 / 28.03.2023 | 6,000 | വോർക്കാടി ഗ്രാമപഞ്ചായത്ത് |
| 3 | 22200652014701519217 / 28.03.2023 | 4,000 | മീഞ്ച ഗ്രാമപഞ്ചായത്ത് |
| 4 | 22200252016101448321 / 22.03.2023 | 11,000 | പൈവളിഗെ ഗ്രാമപഞ്ചായത്ത് |
| 5 | 22200652013201454872 / 23.03.2023 | 6,000 | മംഗൽപാടി ഗ്രാമപഞ്ചായത്ത് |
| 6 | 22200252012201442849 / 23.03.2023 | 11,000 | പുത്തിഗെ ഗ്രാമപഞ്ചായത്ത് |
| 7 | 22200252012901460202/ 24.03.2023 | 29,000 | എന്മകജെ ഗ്രാമപഞ്ചായത്ത് |

| | | |
|---|---|---|
| ആകെ | 1,00,000 | |

മേൽ പട്ടികയിലെ ഗ്രാമപഞ്ചായത്തുകൾ തുക ചെലവഴിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ(പൈവളിഗെ പഞ്ചായത്ത് ഒഴികെ) ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവു തുകയായ 1,00,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു(ഓഡിറ്റ് എൻക്വയറി നം.15/22-23 തീയതി 11-09-2023).

## 1-14 പച്ചക്കറി വികസനം-ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ കൃഷി |
| പ്രോജക്ട് നം. | SO141//23 |
| പ്രോജക്ടിന്റെ പേര് | പച്ചക്കറി വികസനം |
| അടങ്കൽ | 2,90,000 - വികസന ഫണ്ട് (ജനറൽ ) |
| ചെലവ് തുക | 2,90,000- വികസന ഫണ്ട് (ജനറൽ ) |

ഈ പദ്ധതിക്കായി താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം വികസന ഫണ്ടിൽ (ജനറൽ) നിന്നും 2,90,000/-രൂപ പിൻവലിച്ച് മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് പച്ചക്കറികൃഷി ചെയ്യു കർഷകർക്ക് കൂലിച്ചെലവ് നൽകുന്നതിനായി കൈമാറിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ബിൽ റഫറൻസ് നമ്പർ / തീയ്യതി | തുക | ഗ്രാമ പഞ്ചായത്ത് |
|---|---|---|---|
| 1 | 22200652015401345849 / 14.03.2023 | 55,000 | മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് |
| 2 | 22200652013901390784 / 17.03.2023 | 85,000 | വോർക്കാടി ഗ്രാമപഞ്ചായത്ത് |
| 3 | 22200652016101225141 / 22.02.2023 | 50,000 | പൈവളിഗെ ഗ്രാമപഞ്ചായത്ത് |
| 4 | 22200252012201011548 / 07.01.2023 | 1,00,000 | പുത്തിഗെ ഗ്രാമപഞ്ചായത്ത് |
| ആകെ | | 2,90,000 | |

മേൽ പട്ടികയിലെ ഗ്രാമപഞ്ചായത്തുകൾ തുക ചെലവഴിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ(പൈവളിഗെ പഞ്ചായത്ത് ഒഴികെ) ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവു തുകയായ 2,90,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.(ഓഡിറ്റ് എൻക്വയറി നം.16/22-23 തീയതി 11-09-2023).

## 1-15 കേരള ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തു തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

4 കുടിവെള്ള പദ്ധതികളുടെ നിർവഹണത്തിനായി ചുവടെ ചേർത്ത പ്രകാരം 3,91,600/- രൂപ കേരള ഭൂജല വകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നം, പേര് | ഫണ്ട് | ബിൽ നം. /വൗച്ചർ നം. |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 52/2023- മഞ്ചേശ്വരം ബ്ലോക്ക്പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ബോർവെൽ കുഴിക്കൽ | വികസന ഫണ്ട്- പൊതുവിഭാഗം | 22200663007800288956 തിയ്യതി 08.07.2022 തുക- 1,14,430/- |
| 2 | 17/2023- സീന്തപദവ് കുടിവെള്ള പദ്ധതി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | Xvfc/2022-23/p/66 തീയ്യതി 31.03.2023 തുക- 95,041/- |
| 3 | 18/2023- പൈവളിഗെ നഗർ കുടിവെള്ള പദ്ധതി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | Xvfc/2022-23/p/67 തീയ്യതി 31.03.2023 തുക- 98,964/- |
| 4 | 171/2023- തജ്ജങ്കരി കുടിവെള്ള പദ്ധതി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | Xvfc/2022-23/p/65 തീയ്യതി 31.03.2023 തുക 83,165/- |
| | ആകെ | | 3,91,600/- രൂപ |

പ്രവൃത്തികളുടെ നിലവിലെ സ്ഥിതി, തുകയുടെ വിനിയോഗ വിവരം എന്നിവ അറിയിക്കാൻ 11.09.2023 ലെ ഓഡിറ്റ് എൻക്വയറി നം. 17 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറോട് ആവശ്യപ്പെട്ടതിനു മറുപടി ലഭ്യമാക്കിയിട്ടില്ല. തുക നാളിതു വരെ വിനിയോഗിച്ചിട്ടില്ലാത്തതിനാൽ ആകെ നിക്ഷേപിച്ച തുക 3,91,600/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-16 പത്താം തരം/ഹയർ സെക്കന്ററി തുല്യതാ പഠിതാക്കൾക്കുള്ള കോഴ്സ് ഫീസ് പദ്ധതി-അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നം.89/23

അടങ്കൽ - 1,00,000/-രൂപ – വികസന ഫണ്ട് ജനറൽ

ചെലവ് - 73450/-രൂപ

ബിൽ റഫറൻസ് നം.22200663007601544418/28.3.23 73450/-

മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 7 ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള പത്താം തരം, ഹയർസെക്കന്ററി തുല്യതാ പഠനത്തിന് സാക്ഷരതാ മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പഠിതാക്കൾക്ക് കോഴ്സ് ഫീസ് നൽകാനുള്ളതാണ് ഈ പദ്ധതി. സാക്ഷരതാ ജില്ലാ മിഷൻ കോ-ഓഡിനേറ്ററുടെ 18.3.2023 ലെ കത്ത് നം.DLM/KSD/പ്രോജക്റ്റ്/90/2023 പ്രകാരം ഫീസ് ഒടുക്കുന്നതിനായി സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. പത്താം തരം തുല്യതക്ക് 19 പേർക്ക് 1950/-രൂപ പ്രകാരം ആകെ 37050/-രൂപയും, ഹയർസെക്കന്ററി തുല്യതക്ക് 14 പേർക്ക് 2600/-രൂപ പ്രകാരം 36400/-രൂപയും ചേർത്ത് ആകെ 73450/-രൂപ ഒടുക്കാനാണ് അവശ്യപ്പെട്ടത്. മേൽ ബില്ല് പ്രകാരം ആകെ 73450/- രൂപ ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കി(അക്കൗണ്ട് നം.57026996123/SBI, 02880100113107/UCO Bank).

പഠിതാക്കളെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ, തുല്യതാ കോഴ്സിന് രണ്ട് വിഭാഗങ്ങളിലായി രജിസ്റ്റർ ചെയ്ത ആകെ 33 പഠിതാക്കളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇവർ കോഴ്സ് പൂർത്തീകരിച്ചതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.10/08.09.2023 പ്രകാരം രേഖകൾ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 73,450/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കേണ്ടതാണ്.

1-17 വനിതാ ഹോസ്റ്റൽ വൈദ്യുതീകരണം പദ്ധതി-പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നം.182/23

അടങ്കൽ - 7,00,000/-രൂപ വികസന ഫണ്ട് ജനറൽ

ചെലവ് - 6,28,340/-രൂപ

ബിൽ നം.01/2022-23/30.4.2022 – 6,28,340/-രൂപ

മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വോർക്കാടി ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പുരോഗമിക്കുന്ന വനിതാ ഹോസ്റ്റൽ കെട്ടിടത്തിന്റെ വൈദ്യുതീകരണത്തിന് വേണ്ടിയുള്ളതാണ് ഈ പദ്ധതി. പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം ഡെപ്പോസിറ്റ് പ്രവൃത്തിയായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി അസി.എഞ്ചിനീയർ, പൊതുമരാമത്ത് ഇലക്ട്രിക്കൽ ഡിവിഷൻ, കാസറഗോഡിനോട് എസ്റ്റിമേറ്റ് ലഭ്യമാക്കുവാൻ 8.12.2022 ന് കത്ത് മുഖാന്തിരം ആവശ്യപ്പെട്ടു. 25.01.2023 ന് അസി. എക്സി.എഞ്ചിനീയർ, പൊതുമരാമത്ത് ഇലക്ട്രിക്കൽ ഉപഡിവിഷൻ, കാസറഗോഡ് കത്ത് നം.ESD/KSD /100933/2022 പ്രകാരം 5,76,000/-രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചു. 28.03.2023 ന് അസി. എക്സി.എഞ്ചിനീയർ, പൊതുമരാമത്ത് ഇലക്ട്രിക്കൽ ഉപഡിവിഷൻ, കാസറഗോഡ് കത്ത് നം.ESD/KSD /100933/2022 പ്രകാരം പദ്ധതി ഡെപ്പോസിറ്റ് വർക്കായി പൂർത്തീകരിക്കുന്നതിന് സെന്റേജ് ചാർജ്ജിനത്തിൽ 58,340/-രൂപയും അതോടൊപ്പം എസ്റ്റിമേറ്റ് തുക 5,70,000/-രൂപയും ഒടുക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് അസി.എഞ്ചിനീയർ LID&EW ഉപവിഭാഗം മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന് കത്ത് നൽകി. ബിൽ റഫറൻസ് നം.22200663007601527669/തിയ്യതി-28.3.2023 പ്രകാരം ആകെ 6,28,340/-രൂപ (570000+58340) ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കി (ഹെഡ് - 8443-00-108-PW Deposit).

ഈ പദ്ധതി നടപ്പിലാക്കാൻ അസി. എക്സി.എഞ്ചിനീയർ, പൊതുമരാമത്ത് ഇലക്ട്രിക്കൽ ഉപ ഡിവിഷൻ, കാസറഗോഡ് തയ്യാറാക്കിയ എസ്റ്റിമേറ്റ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അതുപോലെ പദ്ധതി പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.03/08.09.2023 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 6,28,340/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-18 ബ്ലോക്ക് ഓഫീസിലേക്ക് ആംപ്ലിഫയർ,മൈക്ക്, പ്രൊജക്ടർ വാങ്ങൽ പദ്ധതി-പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.116/23

അടങ്കൽ - 6,00,000/-രൂപ - വികസന ഫണ്ട് ജനറൽ

ചെലവ് - 6,00,000/- രൂപ

ബിൽ റഫറൻസ് നം.22200663007601009826/07.01.2023 – 600000/-രൂപ

മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിലേക്ക് ആംപ്ലിഫയർ, മൈക്ക്, പ്രൊജക്ടർ എന്നിവ വാങ്ങാനുള്ളതാണ് ഈ പദ്ധതി. പദ്ധതി പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗം മുഖേന ഡെപ്പോസിറ്റ് വർക്കായി നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനായി അസി.എക്സി.എഞ്ചിനീയർ, പൊതുമരാമത്ത് (ഇലക്ട്രോണിക്സ് ഉപവിഭാഗം) കണ്ണൂരിന് വിശദവിവരങ്ങൾ കാണിച്ച് ഉപകരണങ്ങളുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് വേണ്ടി 27.10.2022 ന് കത്ത് നൽകി. ഇതനുസരിച്ച് അസി.എക്സി.എഞ്ചിനീയർ, പൊതുമരാമത്ത് (ഇലക്ട്രോണിക്സ് ഉപവിഭാഗം) കണ്ണൂർ കത്ത് നം.AEEELC-SDOKNR/181/2022-A2-PWD/Dt.24.12.2022 പ്രകാരം ആകെ 600000/-രൂപയുടെ വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ചു. എസ്റ്റിമേറ്റ് തുക 8443-00-108 PW Deposit എന്ന ഹെഡിൽ അസി.എക്സി.എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗം തൃശ്ശൂരിന്റെ പേരിൽ ഡെപ്പോസിറ്റ് ചെയ്യാനും കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഉത്തരവ് നം.സി-2960/2022/തിയ്യതി-28.12.2022 പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് സെക്രട്ടറി നടപടിക്രമം ഒപ്പിട്ടു. മേൽ ബില്ല് പ്രകാരം ആകെ

600000/-രൂപ പ്രസ്തുത ഹെഡിലേക്ക് ഡെപ്പോസിറ്റ് ചെയ്തു.

ഈ പദ്ധതി സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1)ഭൗതിക പരിശോധന നടത്തിയത് പ്രകാരം പദ്ധതി നാളിതുവരെയായി പൂർത്തീകരിച്ചിട്ടില്ല.

2)സെക്രട്ടറിയുടെ നടപടിക്രമത്തിൽ (ഉത്തരവ് നം.സി-2960/2022/തിയ്യതി-28.12.2022 )തുക കൈമാറിയ TR59Eയുടെ ഒറിജിനൽ, ഭരണാനുമതി എന്നിവ എക്സി.എഞ്ചിനീയർ, പൊതുമരാമത്ത്(ഇലക്ട്രോണിക്സ് വിഭാഗം)ന് സമർപ്പിക്കേണ്ടതാണ് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ അസി.എക്സി.എഞ്ചിനീയർ, പൊതുമരാമത്ത് (ഇലക്ട്രോണിക്സ് ഉപവിഭാഗം) കണ്ണൂരിനും തുക കൈമാറിയ വിവരം അറിയിക്കേണ്ടതാണ്. ഇവർക്ക് ഈ രേഖകൾ അയച്ചതിന്റെ പകർപ്പുകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3)തുക നിക്ഷേപിച്ച് 7മാസത്തിലധികം ആയിട്ടും പദ്ധതി നാളിതുവരെ പൂർത്തീകരിക്കാത്തതിന് കാരണം വിശദീകരിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.11/08.09.2023 പ്രകാരം അപാകതകൾ ചൂണ്ടിക്കാണിച്ചതിന് 11.9.2023 ന് മറുപടി നൽകിയിട്ടുണ്ട്.

പദ്ധതി പൂർത്തീകരിക്കുന്നതിന് അസി.എക്സി.എഞ്ചിനീയർ, പൊതുമരാമത്ത് (ഇലക്ട്രോണിക്സ് ഉപവിഭാഗം) ന് കത്ത് നൽകിയിട്ടുണ്ടെന്നും ഉടൻ പൂർത്തീകരിക്കുന്നതാണെന്ന് ഫോൺ മുഖാന്തിരം അറിയിച്ചുണ്ടെന്നും ആണ് മറുപടി നൽകിയത്. അതിനാൽ പദ്ധതി പൂർത്തീകരിക്കുന്നതുവരെ ചെലവ് തുക 600000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-19 ജില്ലാ ആസൂത്രണ സമിതി കെട്ടിടനിർമ്മാണം ബ്ലോക്ക് വിഹിതം നൽകൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.165/23

അടങ്കൽ - 3,00,000/-രൂപ – വികസന ഫണ്ട് ജനറൽ

ചെലവ് - 3,00,000/-രൂപ

ബിൽ റഫറൻസ് നം.22200663007600868949/6.12.22– 300000/-രൂപ

കാസറഗോഡ് ജില്ലാ ആസൂത്രണ സമിതി കെട്ടിടനിർമ്മാണത്തിന് ബ്ലോക്ക് വിഹിതം നൽകാനുള്ളതാണ് ഈ പദ്ധതി. പദ്ധതിക്ക് തുക വകയിരുത്തി നിക്ഷേപിക്കാനായി കത്ത് നം.1147/ഡിപിസിസെക്രട്ടേറിയറ്റ്/കാസറഗോഡ്/തിയ്യതി-27.7.2022 പ്രകാരം ജില്ലാ പ്ലാനിംഗ് ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്. വകയിരുത്തിയ തുക ഇതിനായി പരിപാലിച്ച് വരുന്ന സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടായ 720011400000034 ലേക്ക് നിക്ഷേപിക്കാൻ നിർദ്ദേശവും കത്തിലുണ്ട്. ഇതനുസരിച്ച് മേൽ ബില്ല് പ്രകാരം ആകെ 3,00,000/-രൂപ നിക്ഷേപിച്ചു. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 3,00,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. ( ഓഡിറ്റ് എൻക്വയറി നം.09/08.09.2023 )

## 1-20 മംഗൽപാടി താലൂക്ക് ആശുപത്രിയിലേക്ക് ജനറേറ്റർ വാങ്ങൽ പദ്ധതി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സൂപ്രണ്ട്/മെഡിക്കൽ ഓഫീസർ,താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, മംഗൽപാടി

പ്രൊജക്ട് നം.163/23

അടങ്കൽ - 20,56,000/-രൂപ – വികസന ഫണ്ട് ജനറൽ

ചെലവ് - 20,52,780/-രൂപ

ബിൽ റഫറൻസ് നം.2220066300700118325б/14.2.2023 – 20,00,000/-രൂപ

ബിൽ റഫറൻസ് നം.222006630070013802413/16.3.2023 – 52,780/-രൂപ

മംഗൽപാടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലേക്ക് ജനറേറ്റർ വാങ്ങാനുള്ളതാണ് ഈ പദ്ധതി. സർക്കാർ അംഗീകൃത സ്ഥാപനമായ കേരള ഇലക്ട്രിക്കൽ & അലീഡ് എഞ്ചിനീയറിംഗ് കോ ലിമിറ്റഡ് (KEL) എന്ന സ്ഥാപനത്തിൽ നിന്നാണ് നേരിട്ട് പർച്ചേസ് നടത്തിയിരിക്കുന്നത്. ഇൻവോയ്സ് നം.351/തിയ്യതി-31.12.2022 പ്രകാരം 13,20,000/- രൂപ വിലയുള്ള 125 KVA ഡീസൽ ജനറേറ്റർ സെറ്റ് KEL വിതരണം ചെയ്തു. പിന്നീട് ഇൻവോയ്സ് നം.382/തിയ്യതി-25.1.2023 പ്രകാരം സിവിൽ വർക്ക്, കമ്മീഷനിംഗ് എന്നിവയ്ക്ക് 6,80,000/-രൂപയുടെ ഇൻവോയ്സും സമർപ്പിച്ചിട്ടുണ്ട്. കത്ത് നം.FL/MKTG /DGS/235/2023/1479A/ 31.12.2022 പ്രകാരം KEL ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്, കൂടാതെ ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെ ആകെ 20,52,780/-രൂപ കൈമാറണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് മേൽ സൂചനാ ബില്ലുകൾ പ്രകാരം ആകെ 20,52,780/-രൂപ KEL ന് കൈമാറി. അക്കൗണ്ട് നം.57033061452/SBI.

പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. ഈ പദ്ധതി KEL മുഖാന്തിരം നേരിട്ട് നടത്താൻ മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അനുമതി നൽകിയത് സംബന്ധമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

2. KEL പദ്ധതിക്കായി തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റ്/പ്രഫോർമ ഇൻവോയ്സ്, അതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അനുമതി നൽകിയത് എന്നിവ സംബന്ധമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

3.കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്ന രീതിയിൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. പക്ഷെ പദ്ധതി കമ്മീഷൻ ചെയ്തിട്ടില്ല. കാരണം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും അപ്രൂവൽ ലഭിക്കാതെ കമ്മീഷൻ ചെയ്യാൻ സാധിക്കില്ല. കരാർ പ്രകാരം അപ്രൂവൽ വാങ്ങി നൽകേണ്ട ഉത്തരവാദിത്വം KEL നാണ്. ഇത് നാളിതുവരെയായി ലഭ്യമായിട്ടില്ല.

4.ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും അപ്രൂവൽ സംബന്ധമായ കാര്യങ്ങൾ ചെയ്യാനുള്ള ഉത്തരവാദിത്വം KEL നായതിനാൽ അത് ലഭ്യമാവുന്നതിന് മുമ്പ് മുഴുവൻ തുകയും നൽകിയത് ശരിയായ നടപടിയല്ല.

ഓഡിറ്റ് എൻക്വയറി നം.02/08.09.2023 പ്രകാരം അപാകതകൾ ചൂണ്ടിക്കാട്ടിയതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 20,52,780/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-21 സി.എച്ച്.സി മഞ്ചേശ്വരം - സെക്കന്ററി പാലിയേറ്റിവ് കെയർ പദ്ധതി - മരുന്ന് വാങ്ങിയതിന് ഒരേ ഇൻവോയ്സ് വച്ച് 2 തവണ തുക ൽകി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി മഞ്ചേശ്വരം

പ്രൊജക്ട് നം.31/23

| | വികസന ഫണ്ട് ജനറൽ | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | ആകെ |
|---|---|---|---|
| അടങ്കൽ | 409240.00 | 1390760.00 | 1800000.00 |
| ചെലവ് | 402039.00 | 1250150.00 | 1652189.00 |

സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതിക്കായി മെഡിക്കൽ ഓഫീസർ, സി.എച്ച്.സി മഞ്ചേശ്വരം ആകെ 16,52,189/-രൂപ ചെലവഴിച്ചിട്ടുണ്ട്. കിടപ്പുരോഗികളുടെ ഭവന സന്ദർശനം, മരുന്നുകൾ വാങ്ങിക്കൽ, വാഹനവാടക, സ്റ്റേഷനറി ഇനങ്ങളിലാണ് ഈ പദ്ധതിക്ക് ചെലവ് നടത്തിയിട്ടുള്ളത്.

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി മഞ്ചേശ്വരം ചെലവ് നടത്തുന്നതിന് മാറിയ ബില്ലുകൾ സംബന്ധിച്ച വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1)രോഗികളുടെ ഹോം കെയർ വിസിറ്റ്, ഭക്ഷണം എന്നീ ഇനങ്ങളിൽ ആകെ 2,12,030/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബില്ല് നം./ തിയ്യതി | തുക | ചെലവ് വിവരങ്ങൾ | | ചെലവ് മാസം |
|---|---|---|---|---|---|
| | | | വാഹന വാടക | ഭക്ഷണം | |
| 2 | 3/22-23 /17.8.22 | 35170/- | 28900/- | 6270/- | 06/22 |
| 3 | 9/22-23 /24.9.22 | 24120/- | 20400/- | 3720/- | 08/22 |
| 4 | 17/22-23 /14.10.22 | 23890/- | 20400/- | 3490/- | 09/22 |
| 5 | 25/22-23 /23.11.22 | 20070/- | 17000/- | 3070/- | 10/22 |
| 6 | 40/22-23 /15.12.22 | 24080/- | 20400/- | 3680/- | 11/22 |
| 7 | 48/22-23 /13.1.23 | 23700/- | 20400/- | 3300/- | 12/22 |
| 8 | 67/22-23 /17.3.23 | 37560/- | 32300/- | 5260/- | 01/23 |
| 9 | 68/22-23 /24.3.23 | 23440/- | 20400/- | 3040/- | 03/23 |
| | ആകെ | 212030/- | 180200/- | 31830/- | |

2)മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്കായി താഴെപ്പറയും പ്രകാരം ആകെ 14,40,159/-രൂപ ചലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | ബില്ല് നം./ തിയ്യതി | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | 5/22-23 /22.8.22 | 53812/- | മരുന്ന് വാങ്ങിയത്- സപ്ലൈകോ മെഡിക്കൽ സ്റ്റോർ നാദാപുരം - ഇൻവോയ്സ് നം.1103302/11.7.22 |
| 2 | 10/22-23 /24.9.22 | 25840/- | കുടനിർമ്മാണ പരിശീലനം നൽകിയത്. വിവിധ ചെലവുകൾ |
| 3 | 18/22-23 | 7672/- | സ്റ്റേഷനറി- HM Book Stall |

| | | | |
|---|---|---|---|
| | /14.10.22 | | Bill No.686/11.10.22 |
| 4 | 21/22-23 /7.11.22 | 9990/- | സ്റ്റേഷനറി- Ksd.printing&publishing Co- Bill No.2233/27.10.22 |
| 5 | 27/22-23 /24.11.22 | 202177/- | മരുന്നുകൾ-സപ്ലൈകോ, റീജിയണൽ മെഡിസിൻ ഡിപ്പോ, വടകര Inv.no.KZD/2190 /2022/3.10.22 |
| 6 | 28/22-23 /24.11.22 | 130582/- | മരുന്നുകൾ - സപ്ലൈകോ, വടകര Inv.no.KZD/2180 /2022/3.10.22 |
| 7 | 29/22-23 /24.11.22 | 149544/- | മരുന്നുകൾ - സപ്ലൈകോ, വടകര Inv.no.KZD/2131 /2022/27.9.22 |
| 8 | 32/22-23 /24.11.22 | 153586/- | മരുന്നുകൾ - സപ്ലൈകോ, വടകര Inv.no.KZD/2132 /2022/27.9.22 |
| 9 | 33/22-23 /24.11.22 | 127948/- | മരുന്നുകൾ - സപ്ലൈകോ, വടകര Inv.no.KZD/2179 /2022/3.10.22 |
| 10 | 34/22-23 /24.11.22 | 147188/- | മരുന്നുകൾ - സപ്ലൈകോ, വടകര Inv.no.KZD/2133 /2022/27.9.22 |
